ശ്രീ. ഒ. ഭരതൻ : നമ്മുടെ സംസ്ഥാനത്തിലെ വിവിധ ബോർഡുകളും, കോർപ്പറേഷനുകളും സംയോജിപ്പിക്കുന്നത് സംബന്ധിച്ചാണ് എന്റെ ചോദ്യം. സംയോജനം മാത്രമല്ല, ചില പ്രത്യേക കോർപ്പറേഷനുകൾ വിഭജിക്കുന്നതിനെ സംബന്ധിച്ചും ചർച്ച നടന്നിട്ടുണ്ട്. ഉദാഹരണത്തിന് കെ. എസ്. ആർ. ടി. സി. യാണ്. ഇന്നത്തെ കെ. എസ്. ആർ. ടി. സി. യെ നിലനിർത്തി മേഖലാടിസ്ഥാനത്തിൽ പുതിയ കോർപ്പറേഷനുകൾ രൂപീകരിക്കുന്നതാണെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ആ പ്രഖ്യാപനം അകാലചരമമടഞ്ഞുവെന്നാണോ ഞങ്ങൾ വിശ്വസിക്കേണ്ടത് ?

ശ്രീ. കെ. കരുണാകരൻ : ആ പരിപാടി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് തൊഴിലാളികൾ ഒന്നടങ്കം പരാതിപ്പെട്ടിട്ടുള്ളതുകൊണ്ട് അവരുടെ പരാതിയും കൂടെ പരിശോധിച്ച് അതിന് പരിഹാരമുണ്ടാക്കിക്കൊണ്ട് ചെയ്യണമെന്ന് തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. എങ്കിലും ഈ പുതിയ കോർപ്പറേഷൻ രൂപീകരിക്കണമെന്നുള്ള നയം ഉപേക്ഷിച്ചിട്ടില്ല. അതും കഴിയുന്നതും വേഗം പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഏഴിമല നേവൽ അക്കാഡമി

* 389. [417] ശ്രീമതി പി. ദേവൂട്ടി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, കെ. മൂസ്സക്കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാഡമിയുടെ പ്രവർത്തനങ്ങൾ ഏത് സ്റ്റേറ്റിലിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) നാവിക അക്കാഡമി സ്ഥാപിക്കുന്നതിനാവശ്യമായ മുഴുവൻ സ്ഥലവും പൊന്നും വിലയ്ക്കെടുത്ത് നാവിക അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. ആവശ്യമായ (ഇൻഫ്രാസ്ട്രക്ചർ) സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. ഇനിയുള്ള നടപടികൾ നാവിക അധികൃതർ സ്വീകരിക്കുന്നുണ്ട്.

(ബി) ഉദ്ദേശം ആറു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും എന്നാണറിയുന്നത്.

(സി) കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 50 ഹരിജൻ കുടുംബങ്ങൾക്ക് കൃഷിക്കും വീട് വയ്ക്കുന്നതിനുമായി ഒരു ഏക്കർ സ്ഥലം വീതവും 92 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 10 സെന്റ് സ്ഥലം വീതവും സൗജന്യമായി നൽകിയിട്ടുണ്ട്. മറ്റ് സമുദായത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം വാർഷിക വരുമാനം 10,000 രൂപയിൽ കവിയാത്ത 449 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 10 സെന്റ് സ്ഥലം വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹരിജനക്ഷേമവകുപ്പും മത്സ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷനും, അർഹതപ്പെട്ടവരും തല്പരരുമായ ആളുകൾക്ക് ഭവനനിർമ്മാണ വായ്പയും നൽകിയിട്ടുണ്ട്. 5,000 രൂപ വീതമാണ് ഓരോരുത്തർക്കും നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാവിക അക്കാഡമിക്കുവേണ്ടി ഏഴിമലയിൽ 884.3598 ഹെക്ടർ സ്ഥലം ഗവൺമെന്റ് പൊന്നുംവിലയ്ക്ക് എടുത്ത് നാവിക അധികൃതർക്ക് കൈമാറാം ചെയ്യുകയുണ്ടായി.

ശ്രീമതി പി. ദേവൂട്ടി : നാവിക അക്കാഡമിക്ക് വേണ്ടി ആ പ്രദേശവാസികളെ സ്ഥലം മാറ്റി താമസിപ്പിച്ചെങ്കിലും, സൗകര്യപ്രദമായ സ്ഥലത്തല്ല അവരെ താമസിപ്പിച്ചതെന്നും, അവർക്ക് ലൈറ്റില്ല, വെള്ളമില്ല, റോഡില്ല എന്നൊക്കെയുള്ള നിരവധി പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഇതിനകം തന്നെ വെള്ളം, വെളിച്ചം, റോഡ് പണിയുന്നതിനുള്ള പണം സാംഗ്ഷൻ ചെയ്തത് അതിന്റെ വർക്ക് ആരംഭിച്ചിട്ടുണ്ട്. മാറിത്താമസിക്കുന്ന കാര്യത്തിൽ ചിലരെ സംബന്ധിച്ചിടത്തോളം അവർക്ക് അകലെ പോകാൻ നിവർത്തിയില്ല. ഇതിന്റെ പരിസരത്ത് തന്നെ ആവശ്യമായി വന്നതുകൊണ്ട്, നല്ല പൂർണ്ണമായ തൃപ്തിയുള്ള സ്ഥലമല്ലെങ്കിലും, അവിടെ കിട്ടാവുന്നതിൽ വച്ച് ഏറ്റവും നല്ല സ്ഥലങ്ങൾ തന്നെ എടുത്ത് അവർക്ക് കൊടുത്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സ്വകാര്യ മേഖലയിൽ മെഡിക്കൽ ലബോറട്ടറി കോഴ്സ്

* 390. [418] ശ്രീ. സി. കെ. തങ്കപ്പൻ :
,, എം. ജിനദേവൻ :
,, കെ. പുരുഷോത്തമൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് സ്വകാര്യ മേഖലയിലേക്ക് വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അത്തരം മാറ്റത്തിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള മുഴുവൻ ആളുകൾക്കും ജോലി നൽകിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഗവൺമെന്റ് അംഗീകൃത ലാബ് ടെക്നീഷ്യൻ കോഴ്സ് ഇപ്പോൾ സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മാത്രമാണ് നടക്കുന്നത്. പ്രസ്തുത കോഴ്സ് സ്വകാര്യമേഖലയിൽ അനുവദിക്കുന്നതിന് ഉദ്ദേശമില്ല

(ബി) ചോദ്യം പ്രസക്തമല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly